## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1476

30.01.2018-ൽ
മറുപടിയ്ക്ക്

## പുല്ലൂരാംപാറയിലെ ഹൗസിംഗ് ബോർഡ് വക സ്ഥലം

**ചോദ്യം**
ശ്രീ. ജോർജ് എം. തോമസ്

**ഉത്തരം**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ പുല്ലൂരാംപാറയിലുള്ള ഹൗസിംഗ് ബോർഡ് വക സ്ഥലം പൊതു ആവശ്യത്തിന് റോഡ് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടു നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്ഥലം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത സ്കീം ഏരിയയിൽ അതിർത്തിയിലൂടെ റോഡ് നിർമ്മാണം പ്രായോഗികമാണോ എന്ന് ഭവന നിർമ്മാണ ബോർഡ് പരിശോധിച്ചിരുന്നു. മുൻപ് ഉരുൾപൊട്ടലിലും മഴവെള്ള പാച്ചിലിലും മണ്ണൊലിച്ചു പോയതിനാലും ഭീമൻ പാറകഷ്ണങ്ങൾ വന്നടിഞ്ഞു കൂടിയതിനാലും, സ്കീം ഏരിയയുടെ കിഴക്ക് ഭാഗത്തുകൂടി 33.80 മീറ്റർ നീളത്തിലും, വടക്കുകിഴക്കെ മൂലയിൽ നിന്ന് വടക്കുഭാഗത്തു കൂടി 37.9 മീറ്റർ നീളത്തിലും റോഡ് നിർമ്മാണം പ്രായോഗികമല്ല എന്ന് കണ്ടെത്തുകയുണ്ടായി. ഇക്കാരണങ്ങളാൽ പദ്ധതി പ്രദേശത്തുള്ള സ്ഥലം റോഡ് നിർമ്മാണത്തിന് വിട്ടു കൊടുക്കുന്നതിൽ ബോർഡ് തീരുമാനമെടുത്തിട്ടില്ല. എന്നാൽ ബോർഡ് വിലയ്ക്ക് വാങ്ങിയിട്ടുള്ള പ്രസ്തുത സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ നിർമ്മിക്കുന്നതിനായി മാർക്കറ്റ് വിലയ്ക്ക് നൽകുന്നതിന് 23.09.2015-ൽ ബോർഡ് തീരുമാനമെടുത്തിരുന്നു. |

സെക്ഷൻ ഓഫീസർ